ശ്രീ. ടി. കെ. നൗഷാദ് : 240 മെഗാവാട്ട് ഉല്പാദിപ്പിക്കാൻ കഴിയുന്ന പൂയംകുട്ടി പദ്ധതിയുടെ കാര്യത്തിലും കേന്ദ്ര ഗവൺമെന്റ് തടസ്സം നില്ക്കുകയാണ്. ആ തടസ്സം നീക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. എസ്. ശർമ്മ : പൂയംകുട്ടി പദ്ധതിയ്ക്കുവേണ്ടി ആദ്യം നിർദ്ദേശിക്കപ്പെട്ട വിധത്തിൽ സംസ്ഥാന ഗവൺമെന്റ് എല്ലാം സമർപ്പിച്ചിരുന്നു. എന്നാൽ പദ്ധതി പ്രദേശം കൂടുതലായി വെള്ളത്തിനടിയിൽ പോകുമെന്ന് പറഞ്ഞ് പരിസ്ഥിതി വകുപ്പിൽനിന്നും എതിർപ്പുണ്ടായി. തുടർന്ന് 16-10-1996-ൽ സംസ്ഥാന ഗവൺമെന്റിന്റെ അഭ്യർത്ഥനപ്രകാരം എം.വി. നട്കർണി ചെയർമാനായി ഒരു മൂന്നംഗ കമ്മിറ്റിയെ നിയമിച്ചു. ആറ് വിഷയങ്ങളാണ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നത്. അതിൽ അഞ്ച് വിഷയങ്ങളിൽ പഠനം നടത്തി. ആറാമത്തേത് പരിസ്ഥിതി പ്രശ്നം പരമാവധി കുറച്ച് ചെറിയ കപ്പാസിറ്റിയിൽ ഈ പദ്ധതി നടത്താമോയെന്ന് പരിശോധിക്കണമെന്നതായിരുന്നു. ഇക്കോളജിക്കൽ സ്റ്റഡി നടത്തിയത് SACON എന്ന സ്ഥാപനമായിരുന്നു. ഇതിനെത്തുടർന്ന് 3001.8 ഹെക്ടർ വനഭൂമിയുടെ സ്ഥാനത്ത് 1500 ഹെക്ടറാക്കി കുറച്ചുകൊണ്ട് ഇക്കോളജിക്കൽ പ്രശ്നം പരമാവധി കുറച്ചുകൊണ്ട് സ്റ്റഡി നടത്താൻ ഏജൻസിയെ ചുമതലപ്പെടുത്തി. അതിന്റെ അടിസ്ഥാനത്തിൽ പൂയംകുട്ടിക്ക് വീണ്ടും അനുവാദം നൽകണമെന്ന് കേന്ദ്രത്തിൽ ശക്തമായി സമ്മർദ്ദം ചെലുത്തി വരികയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സഹകരണവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇൻഷ്വറൻസ് ബിസിനസ്

4 (*182) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇൻഷ്വറൻസ് ബിസിനസ് നടത്തുന്നതിനുള്ള പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഈ കമ്പനി പ്രസ്തുത ബിസിനസ് നടത്തുന്നതിനുള്ള തുക എപ്രകാരമാണ് സംഭരിച്ചത് ;

(സി) ഒട്ടാകെ എന്തു തുക ഇക്കാര്യത്തിനായി സംഭരിക്കണമെന്നാണ് ഉദ്ദേശിച്ചിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അതിൽ എന്തു തുക ഇതുവരെ സംഭരിച്ചു ;

(ഇ) ഓരോ സഹകരണസ്ഥാപനവും എന്തുതുക വീതം ഇക്കാര്യത്തിനായി നൽകിയെന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സഹകരണ ഇൻഷ്വറൻസ് സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ എന്ന നിലയിൽ അംഗങ്ങളെ ചേർക്കുകയും ഓഹരി മൂലധനം സ്വരൂപിക്കുകയും ചെയ്തു വരുന്നു.

(ബി) തുക ഓഹരി മൂലധനമായി അംഗങ്ങളിൽ നിന്നും സ്വരൂപിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ആദ്യഘട്ടത്തിൽ 110 കോടി രൂപ സ്വരൂപിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്.

(ഡി) 10.04 ലക്ഷം രൂപ.

(ഇ) ഇതുവരെ സമാഹരിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.	പ്രാഥമിക സഹകരണ സംഘങ്ങൾ	- 7,95,000 രൂപ
2.	പ്രാഥമിക കാർഷിക വികസന ബാങ്കുകൾ	- 2,00,000 രൂപ
3.	സംസ്ഥാന സഹകരണ ബാങ്ക്	9,000 രൂപ
4.	സംസ്ഥാന കാർഷിക വികസന ബാങ്ക്	
5.	ജില്ലാ സഹകരണ ബാങ്കുകൾ	
	ആകെ	10,04,000 രൂപ

കാഷ്യൂ ഫാക്ടറികൾക്ക് ലൈസൻസ് നല്കുന്നതിനുള്ള മാനദണ്ഡം

5 (*183) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാഷ്യൂ ഫാക്ടറികൾക്ക് ലൈസൻസ് നല്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി) 2001-ൽ നാളിതുവരെ ലൈസൻസിനുള്ള എത്ര അപേക്ഷകളാണ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുള്ളത് ;

(സി) ഇവയിൽ എത്ര ഫാക്ടറികൾക്ക് ലൈസൻസ് നല്കി. ഇവർ അപേക്ഷ സമർപ്പിച്ച തീയതി എന്നാണ് ; എന്നാണ് ഇവർക്ക് ലൈസൻസ് നല്കിയത് ; വിശദവിവരം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly